മാതൃഭൂമി

Mathrubhumi Seed
Student Empowerment for Environmental Development

In partnership with FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 13 OCTOBER 2022

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്


Cover photo: **KK**

# ഇലകൾ വിരിയട്ടെ!

**ആ**കാശപ്പച്ച ഒരുവർഷം പൂർത്തിയാക്കുകയാണ്. ജലദിന പ്രത്യേക പതിപ്പടക്കം പതിമ്മൂന്ന് ഇലകൾ. ഒരുവർഷക്കാലം തുടർച്ചയായി ഈ കൊച്ചുചെടിയിൽ ഇലകൾ വിടർന്നുവെന്നത് പ്രതീക്ഷ പകരുന്ന കാര്യമാണ്. ഇനി ഈ ചെടി കൂടുതൽ വായനക്കാരിലേക്ക് പടർന്ന് വളരണം. പുതിയ വായനക്കാരിലേക്ക് ഈ പ്രസിദ്ധീകരണം എത്തിക്കുകയെന്നത് ഓരോ സീഡ് അംഗത്തിന്റെയും കർത്തവ്യമാണെന്ന് മറക്കരുത്. പ്രകൃതി സംരക്ഷണത്തെക്കുറിച്ച് അത്ര ഗൗരവമായി ചിന്തിക്കാത്ത ആളുകൾ വായിക്കുമ്പോഴാണ് ഈ പ്രസിദ്ധീകരണത്തിന്റെ യഥാർഥ ലക്ഷ്യം യാഥാർഥ്യമാവുക. അതിനായി നമുക്ക് ആത്മാർഥമായി പ്രവർത്തിക്കാം.



എഡിറ്റോറിയൽ


# ഒരു മധുര മാതൃക

ശർക്കര നല്ലൊരു മാതൃകയാണ്. വലിയ ഫാക്ടറികളോ വലിയ മലിനീകരണമോ ഇല്ലാതെതന്നെ ഉണ്ടാക്കുന്ന പോഷകസമൃദ്ധവും രുചികരവുമായ ഒരു ഭക്ഷ്യവസ്തുവാണത്. കരിമ്പ് നട്ടാൽ അത് മൂപ്പെത്തി പാകമാവാൻ രണ്ടുവർഷത്തിൽതാഴെ സമയം മതി. പാകമായ കരിമ്പ് വെട്ടിയെടുത്ത് അതിന്റെ നീര് വേർതിരിച്ചെടുത്തശേഷമാണ് ശർക്കരയുണ്ടാക്കുന്നത്. കരിമ്പിൻനീര് തിളപ്പിച്ച് പാകമാക്കി ശർക്കരയാക്കിമാറ്റാം. നീര് ഊറ്റിയെടുത്തശേഷം ബാക്കിയാവുന്ന കരിമ്പിൻചണ്ടി ഉണക്കിയെടുത്ത് കത്തിക്കുന്ന ചാരം അടുത്തതവണത്തെ കരിമ്പുകൃഷിക്ക് വളമായും ഉപയോഗിക്കാം. അങ്ങനെ പരമാവധി പ്രകൃതിസൗഹൃദരീതിയിൽ നമുക്ക് ശർക്കര ഉണ്ടാക്കിയെടുക്കാൻകഴിയും. കരിമ്പിൽനിന്ന് നീര് ഊറ്റിയെടുക്കുന്നതിനുമാത്രമേ യന്ത്രസഹായം വേണ്ടിവരുന്നുള്ളൂ.

കരിമ്പിൻചണ്ടി നന്നായി ഉണക്കി സംസ്കരിച്ച് ഷീറ്റുകളാക്കിയെടുത്താൽ തെർമോകോളിന് പകരമായി ഉപയോഗിക്കാൻ കഴിയുമോ എന്ന പഠനവും നടത്താവുന്നതാണ്. വിജയകരമാവുമെങ്കിൽ ആ ജൈവഷീറ്റുകൾക്കുള്ളിൽ പലതരം മരങ്ങളുടെയും ചെടികളുടെയും വിത്തുകളും ഒളിപ്പിച്ചുവയ്ക്കാം. ഉപയോഗം കഴിഞ്ഞ് കരിമ്പുഷീറ്റുകൾ മണ്ണിലിട്ടാൽ വിത്തുകൾ വളർന്ന് മരമാവും!




കാട്ടിലെക്കാര്യം




# മുത്തങ്ങയിലെ വന്യജീവിസങ്കേതം

**കേ**രളത്തിലെ രണ്ടാമത്തെ വലിയ വന്യജീവിസങ്കേതമാണ് മുത്തങ്ങ. വയനാട്ടിലെ സുൽത്താൻബത്തേരിക്കും മൈസൂരുവിനും ഇടയിലാണ് ഇത് സ്ഥിതിചെയ്യുന്നത്. കാട്ടാനകളുടെയും മാനുകളുടെയും വിഹാരകേന്ദ്രമാണ് ഈ വനങ്ങൾ. കടുവയടക്കമുള്ള മാംസഭുക്കുകളുടെയും ആവാസകേന്ദ്രമാണിവിടം. അന്യംനിന്നുകൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളും അപൂർവ ശലഭങ്ങളും ഇവിടെയുണ്ട്. വനത്തിനുള്ളിലുള്ള ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ താമസസൗകര്യമുണ്ട്. ഇവിടെ കുങ്കിയാനകളെയും കാണാൻസാധിക്കും. വനത്തിലൂടെയുള്ള ട്രെക്കിങ്ങിനും സൗകര്യമുണ്ട്.



നൂഹ് ഫൈസൽ
മേക്ലോഡ്സ് ഇംഗ്ലീഷ് സ്കൂൾ
സുൽത്താൻ ബത്തേരി
വയനാട്

കേരളം അറിയാൻ



# ഒരു ദേശം പല ഭാഷ

**കേ**രളക്കരയിലെ ഭാഷാഭേദങ്ങൾ വിസ്മയാവഹമാണ്. വടക്കരുടെ 'തടസ്ഥം' തെക്കർക്ക് 'തടസ്സ'മാണ്. തെക്കരുടെ 'ചീപ്പാ'കട്ടെ വടക്കർക്ക് 'ചീർപ്പും' 'കുട്ടിയെ കണ്ടു' എന്നതിന് പകരം 'കുട്ടിനെ കണ്ടു' എന്ന് പറയുന്നവരുമുണ്ട് കേരളത്തിൽ. 'അവന് പനിയുണ്ട്' എന്നതിന് 'ഓനിക്ക് പനിയുണ്ട്' എന്ന് പറയുന്നത് വടക്കേമലബാറുകാരാണ്. തിരുവനന്തപുരത്തുള്ളവർ 'കറുത്തു', 'വറുത്തു' എന്ന് പറയുമ്പോൾ തൃശ്ശൂരുകാർ 'കർത്തു', 'വർത്തു' എന്ന് പറയും. വടക്കുള്ളവർ കുട്ടിയെ 'സ്കൂളിൽ ചേർത്തി' എന്ന് പറയുമ്പോൾ ബാക്കിയുള്ളവർ 'കുട്ടിയെ സ്കൂളിൽ ചേർത്തു' എന്നാണ് പറയുക. പാലക്കാട് ജില്ലയിലെ ചില സ്ഥലങ്ങളിൽ മാങ്ങ 'പൂളി'യല്ല 'പൂണ്ടാണ്' തിന്നുന്നത്. തിരുവിതാംകൂറുകാരുടെ 'ചരുവം' തൃശ്ശൂരുകാർക്ക് 'പോണി'യും വള്ളുവനാട്ടുകാർക്ക് 'അടുക്കു'മാണ്. ഇതുപോലെ അനവധിയുണ്ട് കേരളത്തിലെ ഭാഷാഭേദങ്ങൾ.

എൽസമ്മ എ.
സീഡ് ടീച്ചർ കോ ഓർഡിനേറ്റർ
മൗണ്ട് കാർമൽ എച്ച്.എസ്. കോട്ടയം





# നാകമോഹൻ

## Indian paradise flycatcher

ഇന്ത്യയിൽ കാണപ്പെടുന്ന ഒരു ദേശാടനപ്പക്ഷിയാണ് 'നാകമോഹൻ'. പാരഡൈസ് ഫ്ളൈക്യാച്ചറുകളെ മസ്സികാപ്പിഡേ എന്ന പേരിലാണ് തരംതിരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ മൊണാർക്ക് ഫ്ളൈക്യാച്ചറുകൾക്കൊപ്പം മൊണാർക്കിഡേ കുടുംബത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചുവപ്പുകലർന്ന തവിട്ടുനിറംമുതൽ വെള്ളനിറത്തിൽവരെ ഇവയെ കാണാറുണ്ട്. തല കറുത്തനിറമാണ്. തലയ്ക്ക് മുകളിൽ കിരീടംപോലെ പൊങ്ങിനിൽക്കുന്ന തൂവലുകൾ കാണാം. പെൺപക്ഷികളെക്കാൾ ആകർഷണീയത ആൺപക്ഷികൾക്കാണ്. വളർച്ചയെത്തുമ്പോൾ ആൺപക്ഷികളുടെ വാലിന് ശരീരത്തിന്റെ ഇരട്ടിയിലധികം നീളംവയ്ക്കാറുണ്ട്. ഇന്ത്യയിലും ശ്രീലങ്കയിലും ഇവയെ ധാരാളം കാണാം. ശൈത്യകാലത്ത് ഏഷ്യയിലെ ഉഷ്ണമേഖലാപ്രദേശങ്ങളിലാണ് ഇവ വസിക്കുന്നത്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കേരളത്തിൽ കാണാറുണ്ട്.



കൃഷ്ണ സി.എസ്.
സി.എം.ജി.എച്ച്.എസ്.എസ്. കുറ്റൂർ
തൃശ്ശൂർ




ആദികൃഷ്ണ എസ്.
ജി.എൽ.പി.എസ്. മലയാറ്റൂർ
എറണാകുളം

കൃഷിക്കാര്യം

# ജീവാണുവളങ്ങളും മിത്രകീടങ്ങളും


മണ്ണിലുള്ള സൂഷ്മാണുക്കളെ ഉപയോഗിച്ച് നിർമിക്കുന്ന അസെറ്റോബാക്റ്റർ മൈക്കോറൈസ അസോസ്പൈറില്ലം മുതലായ ജീവാണുവളങ്ങൾ വിപണിയിൽ ഇന്ന് ലഭ്യമാണ്. ഇവ അന്തരീക്ഷ നൈട്രജനെ നേരിട്ട് വലിച്ചെടുത്ത് അമോണിയയാക്കി ചെടികൾക്ക് കൊടുത്ത് വളർച്ച വേഗത്തിലാക്കുന്ന ഹോർമോണുകളെ ഉത്പാദിപ്പിക്കുന്നു. അസോള, നീലഹരിത പായലുകൾ, അസോസ്പൈറില്ല, ഫോസ്ഫോ ബാക്റ്റീരിയ എന്നിവ നെൽക്കൃഷിക്ക് അനുയോജ്യമായ ജീവാണുവളങ്ങളാണ്.

വേട്ടക്കാരൻ ചിലന്തികൾ, ചെറുതുമ്പികൾ, മീറിഡ് ചാഴി, വാട്ടർ സ്ട്രൈഡർ, വാട്ടർ ബഗ്, ഗ്രൗണ്ട് ബീറ്റിൽ, റോബ് ബീറ്റിൽ, ലേഡി ബേഡ് ബീറ്റിൽ, ക്രിക്കറ്റ്, പുൽച്ചേനുകൾ തുടങ്ങിയ മിത്രകീടങ്ങളെ ഉപയോഗിച്ച് നെല്ലിനെ ആക്രമിക്കുന്ന പ്രധാന കീടങ്ങളെ നശിപ്പിക്കാം.

അരുണ രവീന്ദ്രൻ
അധ്യാപിക
കാണിച്ചിക്കുളങ്ങര വി.എച്ച്.എസ്.
ആലപ്പുഴ

# ആർക്ക് സ്വന്തം

പൂജാ ബിംബം മിഴി തുറന്നു
താനേ നട തുറന്നു...
സ്വയംവര സന്ധ്യാ രാജകുമാരി
നിന്നു തിരുനടയിൽ
സൂര്യൻ ഉണർന്നു ചന്ദ്രൻ ഉണർന്നു
മംഗളയാമം തനിച്ചു നിന്നു
സൂര്യനും സ്വന്തം ചന്ദ്രനും സ്വന്തം
സന്ധ്യേ നീ ഇന്ന് ആർക്ക് സ്വന്തം...



രണ്ട് കാമുകന്മാരുടെ വിവാഹാഭ്യർഥനയ്ക്കുമുൻപിൽ ശങ്കിച്ചുനിൽക്കുന്ന നായികയുടെ ധർമസങ്കടത്തെ താരതമ്യപ്പെടുത്താൻ പ്രകൃതിയിൽ സന്ധ്യ കഴിഞ്ഞേ മറ്റൊരുദാഹരണമുള്ളൂ. സൂര്യനും ചന്ദ്രനും ഒരേപോലെ അവകാശപ്പെട്ട സന്ധ്യ ആരെ വരിക്കും എന്ന സംശയത്തെ പ്രകൃതിയോട് ഇണങ്ങിനിന്നുകൊണ്ട് അടയാളപ്പെടുത്താൻ ഈ വരികൾക്ക് കഴിയുന്നു.

**ഗാനരചന: കൈതപ്രം  സംഗീതം: ഔസേപ്പച്ചൻ**



സീഡ് കോഡിനേറ്റർ
സെൻ്റ് ജോസഫ്സ് എൽ.പി. സ്കൂൾ
ഇളംദേശം, ഇടുക്കി

ഇത് അതിശയം തന്നെ

# ചെമ്പ്ര കൊടുമുടിയിലെ ഹൃദയതടാകം

ദക്ഷിണേന്ത്യയിലെ മൂന്നാമത്തെ ഏറ്റവും ഉയർന്ന കൊടുമുടി, സമുദ്രനിരപ്പിൽനിന്ന് 2000 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ചെമ്പ്ര പീക്ക്. ഇതിന്റെ ദൃശ്യഭംഗി തികച്ചും വേറിട്ടതാണ്. പ്രകൃതി അനുഗ്രഹിച്ചുനൽകിയ സൗന്ദര്യമാണിതിന്. ചെമ്പ്രയിലെ ഹൃദയസരസ്സ് കാണാനാണ് സഞ്ചാരികൾ അധികം എത്താറുള്ളത്. പ്രകൃതിയുടെ മനോഹരമായ ഒരു നിർമിതിയാണ് ഹൃദയതടാകം.







അനന്യ എ.സി.
ജി.യു.പി.എസ്. കോങ്ങാട്
പാലക്കാട്

തെറ്റ് ശരി

# വവ്വാലുകൾ അന്ധരാണോ?



വവ്വാലുകൾ അന്ധരാണെന്ന പൊതുവേയുള്ള തെറ്റിദ്ധാരണ ഇപ്പോഴും നിലനിൽക്കുന്നു. ചില വവ്വാലുകൾക്ക് കാഴ്ചശക്തി കുറവാണെങ്കിലും അവ തീർച്ചയായും അന്ധരല്ല. മാത്രമല്ല പല വവ്വാലുകൾക്കും മറ്റ് മൃഗങ്ങളെപ്പോലെ കാഴ്ചശക്തിയുണ്ട്.

മാതൃഭൂമി ആകാശപ്പച്ച
2022 ഒക്ടോബർ

സഫ്രീന ബഷീർ, അധ്യാപിക
എച്ച്.ഐ.എസ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ
കണ്ണൂർ

# പ്രകൃതിയിലെ ഭടന്മാർ




മരമുകളിലും ചെടിത്തലപ്പുകളിലും കൂടുകെട്ടി ജീവിക്കുന്ന ഇളം ബ്രൗൺ നിറത്തിലുള്ള ഉറുമ്പുകളാണ് നീറ് അഥവാ പുളിയുറുമ്പ് (Weaver ant) ശാസ്ത്രീയ നാമം: ഏയ്കോഫില്ല സ്മരഗ്ഡിന (Oecophylla smaragdina) സംഘടിതപ്രവർത്തനത്തിന്റെ ഉദാത്തമായ ഉദാഹരണമാണ് ഈ ജീവികൾ. പുളിയുറുമ്പുകളുള്ള മരത്തിലെ കായ് ഏറ്റവും ഭക്ഷ്യയോഗ്യമായിരിക്കും. ഇവ വളരുന്ന ആവാസ വ്യവസ്ഥയിലുള്ള കീടങ്ങളെ കൊന്നൊടുക്കുന്ന സ്വഭാവമുള്ളതു കൊണ്ട് വിവിധ രാജ്യങ്ങളിൽ കീടനിവാരണത്തിനായി കർഷകർ പുളിയുറുമ്പുകളെ ഉപയോഗിച്ചുവരുന്നു.

വളരെ സങ്കീർണമായ ഒരു സമൂഹവ്യവസ്ഥ നിലനിർത്തുന്നുവെന്ന കാരണത്താൽ പുളിയുറുമ്പുകളെ റോബോട്ടിക്സ് തുടങ്ങിയ ആധുനിക സാങ്കേതികശാസ്ത്രത്തിൽ പഠനവിധേയമാക്കുന്നുണ്ട്. ഒരു സസ്യത്തിന്റെ വിവിധ ശാഖകളിലോ അടുത്തടുത്തുള്ള പല സസ്യങ്ങളിൽതന്നെയായിട്ടോ നീറുകൾ കൂടുണ്ടാക്കുകയും അവയെല്ലാം ഒരു കോളനിയുടെതന്നെ ഭാഗങ്ങളായി പ്രവർത്തിക്കുകയും ചെയ്യുന്നു. റാണി (റാണികൾ) ഇടുന്ന മുട്ടകളെല്ലാം മറ്റ് കൂടുകളിലേക്ക് തക്കതായ സന്ദർഭങ്ങളിൽ വിതരണംചെയ്യപ്പെടുന്നു. അതുവഴി ഏതെങ്കിലുമൊരു കൂടിന്റെ നാശംമൂലം കോളനി ഒന്നടങ്കം നശിക്കാതിരിക്കുന്നു.

മാതൃഭൂമി ആകാശപ്പച്ച
2022 ഒക്ടോബർ

എം.എസ്. വിസ്മയ
ക്ലാസ് - 7
മുള്ളേരിയ എ.യു.പി. സ്കൂൾ
കാസർകോട്



പൂവറിവ്

# കാക്കപ്പൂ

ഓണക്കാലമായാൽ കണ്ണൂർ ജില്ലയിലെ മാടായിപ്പാറ മുഴുവൻ വയലറ്റ് പട്ട് വിരിച്ചതുപോലെയാവും. ഉറവയുള്ള പാറയിലും വയലിലും കാക്കപ്പൂ വളരുന്നതുകൊണ്ടാണ് ഈ നിറംമാറ്റം. വയലിൽ വളരുന്ന കാക്കപ്പൂവിന് വലുപ്പം കൂടുതലാണ്. ഇതൊരു ഇരപിടിയൻസസ്യംകൂടിയാണ്. നിലം പറ്റി വളരുന്ന ഇവയുടെ ചില ഇലകൾ കുഞ്ഞു ബ്ലാഡറുകളായി രൂപാന്തരപ്പെട്ടിരിക്കുന്നു. ചെറുപ്രാണികൾ അടുത്ത് വരുമ്പോൾ ബ്ലാഡറിന്റെ കെണിവാതിൽ തുറന്ന് അവയെ അകത്താക്കി ദഹിപ്പിച്ച് പോഷകങ്ങൾ വലിച്ചെടുക്കുന്നു. ബ്ലാഡർ വർട്ടുകൾ എന്നറിയപ്പെടുന്ന ഇവയുടെ ശാസ്ത്രനാമം യൂട്രിക്കുലേറിയ റെറ്റിക്കുലേറ്റ (Utricularia reticulata) എന്നാണ്. ഓർമ്മകൾക്ക് നിറക്കൂട്ട് ചാർത്തുന്ന ഇത്തരം പൂക്കളൊക്കെ വയലുകളോടൊപ്പം നമ്മുടെ ഓർമ്മകളിൽനിന്നുപോലും മാഞ്ഞുപോയിക്കൊണ്ടിരിക്കുന്നു.



സുസ്മിത ടി.എം., അധ്യാപിക
ഷേണായ് സ്മാരക ഗവ.
ഹയർ സെക്കൻഡറി സ്കൂൾ
പയ്യന്നൂർ, കണ്ണൂർ

വർണച്ചിറക്
കവിത

# ഓർമ്മപ്പച്ചകൾ

പച്ച പുതച്ചു കിടക്കും
എന്നുടെ ഗ്രാമം....
കളകളമൊഴുകും അരുവികളും
കൂ കൂ പാടും കുയിലുകളും...
പുഞ്ചിരിതൂകും പൂവനിയിൽ
തേൻനുകരുന്നൂ ശലഭങ്ങൾ...
തണലും താമരപ്പൊയ്കകളും
മീൻ തുള്ളും പുഴ വെള്ളവും...
തെങ്ങും വാഴയും
നിറയുന്നൊരീ ഗ്രാമത്തണലിൽ
ഓർമ്മപച്ച തളിർക്കുന്നു...



അഭിൻ കാർത്തിക്
കുരുവട്ടൂർ യു.പി. സ്കൂൾ
കോഴിക്കോട്

വർണച്ചിറക് | കഥ



# വിരുന്നുവന്ന കൂട്ടുകാർ

**കി**ഴക്ക് വെള്ളകീറുംമുൻപേ അവരുണർന്നിരിക്കും. അവർ എന്നാൽ കുറേപേരൊന്നുമില്ല, വെറും രണ്ടുപേർ. രാവിലെത്തന്നെ സ്നേഹസല്ലാപങ്ങളുടെ കുറുമൊഴി കേൾപ്പിക്കുന്ന ആ പ്രാവുകളുടെ ചന്തമൊന്ന് വേറെതന്നെ. എന്തായിരിക്കും ഇത്ര രാവിലെ തണുത്ത വെളുപ്പാൻകാലത്ത് അവർക്കിത്ര പറയാൻ? രാമഞ്ഞിന്റെ കുളിരിൽ പരസ്പരം ചിറകുവിരിച്ച് പുതച്ചുറങ്ങിയപ്പോൾ പറയാൻ ബാക്കിവെച്ചതൊക്കെയാവും. വീട്ടിൽ ജിപ്സം വർക്കുകാർ റൂമിലേക്കുള്ള വായുസഞ്ചാരത്തിന്റെ ഓരോ കവാടവും കൊട്ടിയടച്ചു. പ്രതിഷേധിച്ചെങ്കിലും ഞാൻ സമാധാനിക്കുന്നത് ഈ അമ്പല പ്രാവുകൾക്ക് തലചായ്ക്കാൻ ഒരിടം കിട്ടിയല്ലോ എന്നതിലാണ്.

മുഹമ്മദ് ജാസിൽ, അധ്യാപകൻ
വി.എച്ച്.എം.എച്ച്.എസ്.എസ്. മൊറയൂർ
മലപ്പുറം

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച

**കടൽവെള്ളം കരയിലേക്ക് കയറിയാൽ പിന്നെ കരയുമില്ല, കടലുമില്ല!**

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം. വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by Mathrubhumi Seed